ശ്രീ. ആർ. എസ്. ഉണ്ണി: ലോകബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും കേന്ദ്ര ഗവൺമെൻറിന്റെ പല പദ്ധതികളുടെ അടിസ്ഥാനത്തിൽ നമുക്ക് വിശദമായ പദ്ധതികളില്ലാത്തതുകൊണ്ട് ഗണ്യമായ സാമ്പത്തിക സഹായം കിട്ടുന്നില്ലെന്നു കേൾക്കുന്നത് ശരിയാണോ, അങ്ങനെയാണെങ്കിൽ വിശദമായ പദ്ധതികൾ തയ്യാറാക്കി കിട്ടാവുന്ന സഹായം വാങ്ങി വികസനത്തിനുവേണ്ടി വിനിയോഗിക്കുവാൻ തയ്യാറാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ലോകബാങ്കിൽനിന്നും അതുപോലെതന്നെ മറ്റു സാർവ്വദേശീയ സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും അർഹമായ പണം കിട്ടാതിരിക്കുന്ന സ്ഥിതിവിശേഷമുണ്ടായിട്ടുണ്ട്. അത് മുഴുവൻ മാറിയെന്ന് ഞാൻ അവകാശപ്പെടുന്നില്ല. ഇപ്പോൾ നമുക്ക് കുറച്ചു കൂടുതൽ സഹായം കിട്ടുന്നുണ്ട്. നമ്മുടെ പദ്ധതികൾ തക്ക സമയത്ത് തയ്യാറാക്കി സമർപ്പിക്കേണ്ടതു് ഒരാവശ്യമാണ്. അതിനുള്ള സംവിധാനം മുമ്പത്തേക്കാൾ കൂടുതൽ ഇപ്പോൾ ഉണ്ടാക്കിയിട്ടുണ്ട്.

കേന്ദ്ര പരീക്ഷകൾ

* 644 [701] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പരീക്ഷകൾ ഇപ്പോൾ ഏതു ഭാഷയിലാണ് എഴുതുന്നത്;

(ബി) ഇന്ത്യയിലെ ഏതു ഭാഷയിലും കേന്ദ്ര പരീക്ഷകൾ എഴുതാനുള്ള നടപടികൾ കേന്ദ്രത്തെക്കൊണ്ട് എടുപ്പിക്കാൻ സ്റേറാ പരിശ്രമിച്ചുവോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്രത്തിന്റെ തീരുമാനമെന്താണ്?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): (എ) ഏത് കേന്ദ്ര പരീക്ഷകളാണ് ഉദ്ദേശിക്കുന്നതെന്ന് ചോദ്യത്തിൽനിന്ന് വ്യക്തമല്ല. ഐ. എ. എസ്., ഐ. പി. എസ്., ഐ. എഫ്. എസ്., മറ്റു കേന്ദ്ര സർവ്വീസുകൾ, ഗ്രൂപ്പ് എ., ബി. തുടങ്ങിയ മറ്റു സർവ്വീസുകൾ എന്നിവയിലേക്ക് തിരഞ്ഞെടുക്കപ്പെടാനുള്ള സിവിൽ സർവ്വീസസ് പരീക്ഷയെ സംബന്ധിച്ചിടത്തോളം ഈ പരീക്ഷ പ്രിലിമിനറി, മെയിൻ എന്നീ രണ്ടു ഘട്ടങ്ങളായിട്ടാണ് നടത്തുന്നത്. ഇതിൽ മെയിൻ പരീക്ഷ ഇംഗ്ലീഷിലോ ഭരണഘടനയുടെ 8-ാം ഷെഡ്യൂളിൽ പറയുന്ന ഏതെങ്കിലും പ്രാദേശിക ഭാഷയിലോ എഴുതാവുന്നതാണ്. ഇപ്പോൾ ഈ പരീക്ഷകൾ ഇംഗ്ലീഷിലാണ്.

(ബി) (സി) മേൽ പ്രസ്താവിച്ചതിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

Commutation of Pension

* 645 [702] **Sri M. Ramappa**: Will the Chief Minister be pleased to state:

(a) Whether the Government have a proposal to revise the formula for commuting the pension of its employees;

LIBRARY ARCHIVES Kerala Legislative Assembly